**'ഭരണഭാഷ-മാതൃഭാഷ'**

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

## സാന്നിദ്ധ്യം:കെ.വി മോഹൻകുമാർ ഐ.എ.എസ്

വിഷയം : പൊതു. വിദ്യാഭ്യാസം - ജീവനം - ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സമാന തസ്തികയിലെ സ്ഥാനക്കയറ്റം - തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

വായന : 1) ഈ ഓഫീസിലെ 21.03.2017 ലെ ഡി5/3100/2016 നമ്പർ ഉത്തരവ്
2) ഈ ഓഫീസിലെ 11.04.2017, 29.05.2017, 15.06.2017 എന്നീ തീയതിയിലെ ഇതേ നമ്പർ ഉത്തരവുകൾ

**ഉത്തരവ് നമ്പർ ഡി5/6000/2017/ഡി.പി.ഐ. തീയതി.14/07/2017**

ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച വായന (1) (2) പ്രകാരമുള്ള ഉത്തരവിൽ ഹൈസ്കൂൾ അസിസ്റ്റന്റുമാരെ സർക്കാർ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്ക് 39500-83000 ശമ്പള നിരക്കിൽ 1958 ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം 2 ചട്ടം 31 എ1 പ്രകാരം ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവ് ആകുന്നു വെന്ന് രേഖപ്പെടുത്തിയത് ഒഴിവാക്കി "22.02.2017 ൽ കൂടിയ വകുപ്പ്തല സ്ഥാനക്കയറ്റ കമ്മിറ്റി ലോവർ അംഗീകരിച്ച ഈ ഓഫീസിലെ 20.03.2017 ലെ ഡി6/75701/2016/ഡി.പി.ഐ നമ്പർ വിജ്ഞാപനം പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന അദ്ധ്യാപകരെ സ്ഥാക്കയറ്റം നൽകി സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/റ്റി.റ്റി.ഐ പ്രിൻസിപ്പാൾ സമാന തസ്തികയിലേക്ക് 39500-83000 എന്ന ശമ്പള നിരക്കിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നുവെന്ന്" തിരുത്തി വായിക്കേണ്ടതാണ്. വായന (1) (2) ഉത്തരവുകളിൽ ഇത്തരത്തിൽ മാറ്റം വരുത്തികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. വായന (1), (2) ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
**കെ.വി മോഹൻകുമാർ ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**// അംഗീകാരത്തോടെ //**

**സൂപ്രണ്ട്**

സ്വീകർത്താക്കൾ:-

1. ബന്ധപ്പെട്ട ഹെഡ്മാസ്റ്റന്മാർക്ക്
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് (2017 വർഷം ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സമാന തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകർക്ക് ടി ഉത്തരവ് നിർബന്ധമായും നൽകേണ്ടതാണ്.)
3. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
5. കരുതൽ ഫയൽ